# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 393 — 27.02.2017 — ൽ മറുപടിക്ക്

## പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം

**ചോദ്യം**

ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
,, മോൻസ് ജോസഫ്
,, സി.എഫ്.തോമസ്

(എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നും പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ എന്നു മുതൽ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)

(എ) & (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കിയതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20.10.2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/ പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിലും നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ള പക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകുവാൻ അവസരം നൽകിയിരുന്നു. പരാതിക്കാരെ നേർക്കാഴ്ചയ്ക്ക് വിളിക്കുകയും അടിസ്ഥാന രേഖകൾ പരിശോധിക്കുകയും ചെയ്ത് പട്ടികയിൽ മാറ്റം വരുത്തുകയും, അന്തിമ പട്ടികയുടെ അംഗീകാരത്തിനായി ഗ്രാമസഭയ്ക്ക് 10.02.2017-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പട്ടിക അംഗീകരിച്ച് തിരികെ ലഭ്യമായ ഉടൻ തന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. 2017 മാർച്ച് മാസത്തോടെ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | നിലവിൽ റേഷൻ കാർഡില്ലാത്തവർ പുതിയ റേഷൻ കാർഡിനായി സമർപ്പിച്ച അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അവർക്കായി താൽക്കാലിക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | (സി) | പുതിയ റേഷൻ കാർഡിനായി സമർപ്പിച്ച അപേക്ഷകൾ വകുപ്പ് സ്വീകരിക്കുകയും റേഷൻ കാർഡ് പുതുക്കൽ പ്രകാരമുള്ള കാർഡ് വിതരണത്തിനു ശേഷം നടപടി സ്വീകരിക്കുന്നതുമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ